" ഭരണ ഭാഷ മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നം.എ3/33642/2014

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം-33
തീയതി: 23.10.2018.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം - KEXCON മുഖേന സെക്യൂരിറ്റി ജീവനക്കാരായി നിയമിതരായിട്ടുള്ളവർക്ക് ശമ്പളം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- G.O(P) No. 112/2018/Fin dated: 21.07.2018

***************

വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളിൽ KEXCON മുഖേന സെക്യൂരിറ്റി ഗാർഡിനെ നിയമിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ സൂചനയിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ശമ്പളം നൽകേണ്ടതും, കരാർ പുതുക്കാനുള്ള സ്ഥാപനങ്ങളിൽ KEXCON മായി ബന്ധപ്പെട്ട് കരാർ പുതുക്കേണ്ടതുമാണ്.

മേൽ പ്രകാരം നിയമിക്കുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിയ്ക്കുന്ന സാഹചര്യങ്ങളിൽ ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് ശമ്പളം നൽകേണ്ടതും KEXCON മായി ബന്ധപ്പെട്ട് കൃത്യസമയത്ത് കരാർ അതാത് സ്ഥാപനമേധാവികൾ പുതുക്കേണ്ടതുമാണ്.

ഓരോ സ്ഥാപനങ്ങളിലും പല സമയങ്ങളിലായി കരാർ കാലാവധി തീരുന്നതിനാൽ ദിവസ വേതനം സംബന്ധിച്ച് അതാത് സമയങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ KEXCON മായി ബന്ധപ്പെട്ട് അതാത് സ്ഥാപനമേധാവികൾ കരാർ പുതുക്കേണ്ടതാണ്. ആയതിനായി മുഖ്യകാര്യാലയത്തിൽ നിന്നുള്ള അനുമതി തേടേണ്ട ആവശ്യമില്ല. കരാർ പുതുക്കിയ രേഖകൾ കൃത്യമായി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

GST Statutory ആയി നടപ്പിലാക്കിയിരിക്കുന്നതിനാൽ KEXCON ന് നൽകേണ്ട തുകയിൽ GST ഉൾപ്പെടുത്താവുന്നതാണെന്നുള്ള വിവരവും അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്

സ്വീകർത്താവ്
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

പകർപ്പ്:-
SF (A3)

എൽ.25.10.2018